# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2154

17-02-2016-ൽ മറുപടിക്ക്

## കേന്ദ്ര നിക്ഷേപമായി ലഭിച്ച തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ദിവാകരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തു തുകയാണ് വ്യവസായ വകുപ്പിന് കേന്ദ്ര നിക്ഷേപമായി ലഭിച്ചത് ; ഏതെല്ലാം മേഖലയിലാണ് ഇത് ചെലവിട്ടതെന്ന് അറിയിക്കാമോ ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലഭിച്ച കേന്ദ്ര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പൊതുമേഖലാ സംയുക്ത സംരംഭമായ സെയിൽ-എസ്.സി.എൽ, കേരള ലിമിറ്റഡിന് 16.23 കോടി രൂപയുടെ നിക്ഷേപം സെയിലിൽ നിന്നും ലഭിച്ചിട്ടുണ്ട്. സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള മൂലധനമായും പ്രവർത്തനമൂലധനമായുമാണ് ഇത് ഉപയോഗിച്ചിട്ടുള്ളത്.<br><br>ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊച്ചി റിഫൈനറിയുടെ വിപുലീകരണത്തിനും അനുബന്ധ പെട്രോ കെമിക്കൽ വ്യവസായത്തിന്റെ വികസനത്തിനുമായി 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപമുണ്ടായിട്ടുണ്ട്.<br><br>ഗെയിലിന്റെ ഗ്യാസ് പൈപ്പ് ലൈൻ പദ്ധിക്കായി 3000 കോടി രൂപയും കോഴിക്കോട് നിർദ്ദേശ് പദ്ധതിക്കായി 200 കോടി രൂപയും കേന്ദ്ര നിക്ഷേപമായി ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖയ്ക്കനുസൃതമായി ചേർത്തലയിൽ കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ 129.15 കോടി രൂപ ചെലവിൽ സമുദ്രോൽപ്പന്ന മേഖലയ്ക്ക് പ്രാധാന്യം നൽകി മെഗാഫുഡ് പാർക്ക് |

സ്ഥാപിക്കുന്നതിനായി 50 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്രം അനുവദിച്ചിട്ടുണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി 50 കോടി രൂപയുടെ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കയറ്റുമതിയധിഷ്ഠിത നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയം ഏർപ്പെടുത്തിയ പദ്ധതിയായ ASIDE Scheme സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനായിട്ടുള്ള പദ്ധതികൾക്ക് 77.02 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

പാലക്കാട്, ഷൊർണ്ണൂർ, കൊച്ചുവേളി, മഞ്ചേരി എന്നിവിടങ്ങളിൽ നിലവിലുള്ള വ്യവസായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുവാനായി കേന്ദ്ര സഹായമായി 9 കോടി രൂപയും സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതിക്കായി 41.19 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷനിൽ നിന്നും മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന ബാംബൂ മിഷന് 4.1728 കോടി രൂപയുടെ നിക്ഷേപം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**സെക്ഷൻ ഓഫീസർ**